# ഒരു പെൺകുട്ടിക്കും ശാരിയുടെ അനുഭവം ഉണ്ടാകാതിരിക്കാൻ

**ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക് കിളിരൂർ സ്ത്രീപീഡനക്കേസിൽ ദാരുണമായി കൊല്ലപ്പെട്ട ശാരി എസ്. നായരുടെ അച്ഛൻ സി.എൻ. സുരേന്ദ്രകുമാർ 21-08-2007 ന് സമർപ്പിച്ച തുറന്ന കത്ത്: (ഈ കത്തുപോലും ആഭ്യന്തരവകുപ്പ് കണ്ടിട്ടില്ല!)**

സി.ബി.ഐ.യുടെ പുനരന്വേഷണ റിപ്പോർട്ടിലും ശാരിക്കും അവളുടെ മാതാപിതാക്കളായ ഞങ്ങൾക്കും അവളുടെ കുഞ്ഞ് സ്നേഹക്കും നീതി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. പോലീസ് കണ്ടെത്തിയ ഒമ്പത് പ്രതികളെ മാത്രമേ സിബി.ഐ.യും കണ്ടെത്തിയതായി കാണുന്നുള്ളൂ. എന്നു മാത്രമല്ല, കേസിൽ വി.ഐ.പി.കളില്ല എന്നൊരു പ്രസ്താവനയും അവരുടെ ഭാഗത്തുനിന്നുണ്ട്. മകൾ ആശുപത്രിയിൽ കിടക്കുമ്പോൾ അവളെ പല പൊതുപ്രവർത്തകരും സന്ദർശിച്ചിരുന്നു. എന്റെ മകളെ കാണാൻ വന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണനായിരുന്നു. അദ്ദേഹത്തോടൊപ്പം ഞാനുമുണ്ടായിരുന്നു. അദ്ദേഹം അവളോട് ഒന്നും സംസാരിച്ചിട്ടില്ല. കുഞ്ഞിനെ നോക്കി തൊഴുതുപോയി. പിന്നീട് വന്നത് കേരള വനിതാ കമ്മീഷൻ അംഗം ലിസി ജോസാണ്. അവരോടൊപ്പം അവളുടെ അമ്മയുമുണ്ടായിരുന്നു. അവർ അവളുടെ മൊഴിയെടുത്തു. പിന്നീട് ഒന്നുരുണ്ടുതവണ കൂടി അവർ മകളെ സന്ദർശിച്ചതായി ഓർക്കുന്നു. പിന്നീട് വന്നത് ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാക്കളായ പി.കെ. ശ്രീമതി ടീച്ചറും ജോസഫൈനും മറ്റുചില നേതാക്കളുമായിരുന്നു. അക്കൂട്ടത്തിൽ പി.കെ. ശ്രീമതി ടീച്ചർ മാത്രമാണ് മകളെ അകത്തുകയറി കണ്ടതെന്നാണ് അറിയാൻ കഴിഞ്ഞത്. ഞങ്ങൾ അവരോടൊപ്പമുണ്ടായിരുന്നില്ല. ഞാൻ ഒരാവശ്യത്തിന് പുറത്തുപോയിരുന്നു. എന്റെ ഭാര്യ കുഞ്ഞുമോളോടൊപ്പം ആറാംനിലയിലുള്ള മുറിയിലായിരുന്നു. അതുകൊണ്ട് അവരെന്താണ് മകളോട് സംസാരിച്ചതെന്ന് ഞങ്ങൾക്കോർമ്മയില്ല. പക്ഷേ, അവരുടെ സന്ദർശനത്തെ തുടർന്ന് എന്റെ മകൾ അസ്വസ്ഥയാവുകയും അവർക്ക് ശ്വാസതടസ്സവും നെഞ്ചുവേദനയും അനുഭവപ്പെടുകയും ചെയ്തു.

ഡോ. ശങ്കർ മകളെ പരിശോധിച്ചു. സന്ദർശകരെ ഇനിമേൽ കയറ്റില്ലെന്ന് ഡോക്ടർ നിർദ്ദേശിച്ചത് അതേത്തുടർന്നായിരുന്നു. പിന്നീട് അങ്ങയും ശ്രീ പിണറായി വിജയനും എന്റെ മകളെ സന്ദർശിച്ചു. അങ്ങയോട് ഒരു വി.ഐ.പി. സന്ദർശനത്തെത്തുടർന്ന് കുട്ടി അസ്വസ്ഥയായെന്ന് ഡോക്ടർ പറഞ്ഞതായി അക്കാലത്തെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നല്ലോ.

ശാരിയുടെ രക്തത്തിൽ വളരെക്കൂടുതൽ ചെമ്പിന്റെ അംശം കലർന്നതുകൊണ്ടാണ് അവൾ മരിച്ചതെന്ന് അന്ന് കണ്ടെത്തിയിരുന്നു. സി.ബി.ഐ. ഇക്കാര്യം ആദ്യം അന്വേഷിച്ചപ്പോൾ കോപ്പറിന്റെ അംശം എന്തുകൊണ്ടാണ് വന്നതെന്ന് കണ്ടെത്താൻ അവർക്കായില്ല. സി.ബി.ഐ.യുടെ രണ്ടാമത്തെ അന്വേഷണത്തിൽ കുട്ടിയുടെ രക്തത്തിൽ ചെമ്പിന്റെ അംശം തന്നെയില്ലെന്നാണത്രെ പറഞ്ഞിരിക്കുന്നത്. ഇത് വിശ്വസിക്കാവുന്നതായി എനിക്ക് തോന്നുന്നില്ല. അവളുടെ പ്രസവത്തെതുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽവെച്ച് ഞങ്ങൾക്ക് നേരിടേണ്ടി വന്ന ദുരനുഭവങ്ങൾ ഇതിനകം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ. എന്റെ കുഞ്ഞ് നരകിച്ചാണ് മരിച്ചത്. അവളുടെ ചികിത്സയിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെന്ന് ഞങ്ങൾ കരുതുന്നു. സുഖപ്രസവത്തിനുശേഷം അവൾ പച്ചനിറത്തിൽ ഛർദിച്ചുകൊണ്ടിരുന്നു. മരിക്കുവോളം ഈ ഛർദി തുടർന്നു. അവളെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിച്ച ഗൈനക്കോളജിസ്റ്റ് ഡോ. സിസിലി സാമുവൽ വളരെ മോശമായാണ് ഞങ്ങളോട് പെരുമാറിയത്. ഡോക്ടർ സിസിലി സാമുവലിന്റെ മകളും ലതാനായരുടെ മകളും ഒരേ സ്ഥാപനത്തിലാണ് പഠിച്ചിരുന്നത് എന്നൊക്കെ കേട്ടിരുന്നു. ഡോക്ടറെ ലതാനായരോ മറ്റ് പ്രതികളോ സ്വാധീനിച്ചിരിക്കാനിടയുണ്ട് എന്ന് ഞങ്ങൾ സംശയിക്കുന്നു. കുട്ടിയെ ഞങ്ങളുടെ ആവശ്യപ്രകാരമല്ല കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തത്. അവർ ഡിസ്ചാർജിനെഴുതിത്തരുകയായിരുന്നു. തുടർച്ചയായി ഛർദിക്കുകയും ശ്വാസം വലിക്കുകയും ചെയ്യുന്ന ശാരിയെ ഞങ്ങൾ പിന്നീട് കരിത്താസ് ആശുപത്രിയിലേക്ക് കൊണ്ടുപോവുകയായിരുന്നു. അവിടെനിന്നാണ് തെള്ളകത്തെ മാതാ ആശുപത്രിയിൽ എത്തിയത്. ആശുപത്രിയിൽവെച്ച് അവൾക്ക് കിട്ടിയ ചികിത്സകളെപ്പറ്റി അങ്ങ് വിശദമായി അന്വേഷിക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുന്നു. അതിനുവേണമെങ്കിൽ കുട്ടിയെ റീപോസ്റ്റ്മോർട്ടം ചെയ്യാനും എനിക്ക് സമ്മതമാണ്.

ലതാനായർ മകളെ ആലപ്പുഴ റിസോർട്ടിലേക്ക് കൊണ്ടുപോയതായറിയാം. അവിടെവെച്ച് കെ.പി. മോഹനൻ, തോമസ് ചാണ്ടി എന്നിവരെ കണ്ടതായി അവൾ പറഞ്ഞിട്ടുണ്ട്. അവിടെ നിന്നവൾ തിരിച്ചെത്തിയത് വളരെ അവശയായിട്ടായിരുന്നു. വന്നത് ഛർദിച്ചുതളർന്നാണ്. വന്നയുടനെ അവൾ കുളിച്ചുകിടക്കുകയാണുണ്ടായത്. റിസോർട്ടിൽവെച്ച് ശാരി ഉപദ്രവിക്കപ്പെട്ടിരിക്കാമെന്ന് ഞങ്ങൾ സംശയിക്കുന്നു.

ആരെയോ പേടിച്ചാണ് ശാരി മജിസ്ട്രേറ്റിനും ശ്രീലേഖ മാധ്യമത്തിനും മൊഴി കൊടുത്തതെന്നാണ് ഞങ്ങൾ കരുതുന്നത്. അവൾ ആരെയോ കാര്യമായി ഭയന്നിരുന്നുവെന്നത് തീർച്ചയാണ്. അതുകൊണ്ട് പല കാര്യങ്ങളും അവൾക്ക് തെളിച്ചമായി പറയാൻ കഴിഞ്ഞില്ല. ഇക്കാര്യംകൂടി പരിഗണിച്ചാണ് തുടർന്നുള്ള അന്വേഷണം നടത്തേണ്ടതെന്നാണ് ഞങ്ങളുടെ അഭിപ്രായം.

പോലീസ് അന്വേഷണം നീതിപൂർവകമായിരുന്നില്ലെന്ന് കേരള ഹൈക്കോടതിതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. സി.ബി.ഐ.യുടെ കുറ്റപത്രം ഒരിക്കൽ കോടതി മടക്കിയതാണ്. സി.ബി.ഐ.യുടെ പുനരന്വേഷണത്തിലും ഞങ്ങൾക്കും മകൾക്കും നീതി ലഭിച്ചിട്ടില്ല.

ലതാനായരെയും ഡ്രൈവർ ജോസിനെയും ശാസ്ത്രീയമായ രീതിയിൽ ചോദ്യം ചെയ്താൽ എന്റെ മകളെ പിച്ചിച്ചീന്തിയവരെ മുഴുവൻ പിടികൂടാൻ കഴിയും. പോലീസ് ലതാനായരെ അന്ന് വേണ്ടരീതിയിൽ ചോദ്യം ചെയ്തിട്ടില്ല. ദീപിക നടത്തിയ ഫാഷൻഷോയിൽ പങ്കെടുത്തതോടുകൂടിയാണ് എന്റെ മകളുടെ ജീവിതത്തിൽ മാറ്റമുണ്ടായത്. ഒരുന്നത പോലീസ് ഉദ്യോഗസ്ഥനും സ്വർണവ്യാപാരിയുമൊക്കെ എന്റെ മകളെ പീഡിപ്പിച്ചവരിൽ ഉൾപ്പെടുന്നതായി പത്രവാർത്തയുണ്ടായിരുന്നു. കുമിളി, പഴനി എന്നീ സ്ഥലങ്ങൾ കൂടാതെ ലതാനായർ സീരിയലിൽ അഭിനയിക്കാനാണെന്നുംപറഞ്ഞ് അവളെ തിരുവനന്തപുരത്തും കൂട്ടി പോയതായറിയാം. തിരുവനന്തപുരത്ത് എന്ത് ലക്ഷ്യത്തോടെ എവിടേക്കാണ് എന്റെ മകളെ കൊണ്ടുപോയതെന്ന് അന്വേഷണിക്കണമെന്നാണ് അപേക്ഷിക്കാനുള്ളത്.

സി.ബി.ഐ.യോട് ഞങ്ങൾ എല്ലാ കാര്യങ്ങൾ വിശദമായി പറഞ്ഞിരുന്നെങ്കിലും ആ ദിശയിലൊന്നും അവർ അന്വേഷിച്ചില്ല. പുനരന്വേഷണവും വെറും പ്രഹസനമായിരുന്നിരിക്കണം. അതുകൊണ്ടാണ് ഉള്ള തെളിവുകൾപോലും ഇല്ലെന്ന് വരുത്താനവർ ശ്രമിച്ചിരിക്കുന്നത്. ഒരു പെൺകുട്ടിക്കും ഞങ്ങളുടെ മകൾ ശാരിയുടെ അനുഭവം ഉണ്ടാകരുത്. അതിന് കുറ്റവാളികൾ ശിക്ഷിക്കപ്പെടണം. അതുകൊണ്ട് പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വഴങ്ങാത്തവരും നിഷ്പക്ഷരും വിശ്വസ്തരുമായ നീതിമാന്മാരായ ഉന്നത ഉദ്യോഗസ്ഥ സംഘത്തെക്കൊണ്ട് ഈ കേസ് വീണ്ടും അന്വേഷിക്കാൻ വേണ്ട നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി ഞാൻ അപേക്ഷിക്കുന്നു.

എന്ന് വിധേയൻ
സി.എൻ. സുരേന്ദ്രകുമാർ

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**

